**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2183** **20.06.2012**-ൽ മറുപടിക്ക്

## ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. പി. ജയരാജൻ**<br>,, **കെ. ദാസൻ**<br>,, **എം . ഹംസ**<br>,, **പി. റ്റി.എ. റഹീം** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| സർക്കാരിന്റെ അലംഭാവം കൊണ്ടാണ് ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ ഒഴിവു നികത്താൻ കഴിയാത്തതെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്താൻ എന്തു നടപടികളാണ് ഇതുവരെ കൈക്കൊണ്ടി ട്ടുള്ളതെന്ന് അറിയി ക്കാമോ? | ഇല്ല. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്.<br><br>സിവിൽ സർജൻ, ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br><br>സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി മുഖേനയും സർവ്വീസിൽ പി.ജി യോഗ്യത നേടിയ ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചും നികത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br><br>അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക് വ്യവസ്ഥയിലുള്ള നിയമനവും വിരമിച്ച ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ